# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് - പല്ലാരി മംഗലം മുറിയിൽ വാലിൽ കോളനിയിലേയ്ക്കുള്ള വഴി വികസനം - സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 2607/2009/ത.സ്വ.ഭ.വ. തിയതി, തിരുവനന്തപുരം, ഒക്ടോബർ 09, 2009.

---

പരാമർശം: 1. മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 18-07-2009-ലെ III-ാം നമ്പർ തീരുമാനം.

2. മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07-09-2009-ലെ എ3-11/08/എൽ.എ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പരാമർശം (2)-ലെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ, പല്ലാരിമംഗലം മുറിയിൽ വാലിൽ കോളനിയിലേയ്ക്കുള്ള വഴി വികസിപ്പിക്കുന്നതിനായി മാവേലിക്കര താലൂക്കിൽ തെക്കേക്കര വില്ലേജിൽ പോരകം മുറിയിൽ ശ്രീമതി.ലത എന്നയാളുടെ ഉടമസ്ഥതയിലുള്ളതും പല്ലാരിമംഗലം മുറിയിൽ ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ 257/3-ൽപ്പെട്ടതുമായ വസ്തുവിന്റെ വടക്കേ അതിർത്തിയിലുള്ള നടപ്പാതയോട് ചേർന്ന് 10 അടി വീതിയിൽ 210 അടി നീളത്തിൽ 195.10 ച.മീ. വസ്തു അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയോ വ്യവഹാര ബാധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

ii. അക്വിസിഷൻ സംബന്ധമായി 2005-ലെ കേരളാ പഞ്ചായത്ത്രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിയ്ക്കണം.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.നാസറുദീൻ,
ഡെപ്യൂട്ടി സെക്രട്ടറി.

(മറുപുറം)

To

സെക്രട്ടറി/പ്രസിഡന്റ്, മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.

ജില്ലാ കളക്ടർ, ആലപ്പുഴ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.